# സഞ്ചാർ നിഗം എക്സിക്യൂട്ടീവ് അസോസിയേഷൻ

## കേരള സർക്കിൾ

# 23–ാം സംസ്ഥാന സമ്മേളനം

**2016 ഫെബ്രുവരി 18, 19 (വ്യാഴം, വെള്ളി) തീയതികളിൽ കോട്ടയം ഐശ്വര്യ റസിഡൻസിൽ**

സുഹൃത്തെ,

ബി.എസ്.എൻ.എൽ-ലെ ഓഫീസർമാരുടെ ഏറ്റവും വലിയ സംഘടനയായ സഞ്ചാർ നിഗം എക്സിക്യൂട്ടീവ് അസോസിയേഷൻ അതിന്റെ 23-ാം സംസ്ഥാന സമ്മേളനം കോട്ടയത്തുവച്ച് **2016 ഫെബ്രുവരി 18, 19 (വ്യാഴം, വെള്ളി) തീയതികളിൽ** നടത്തുകയാണ്. തുടർച്ചയായി നഷ്ടം മാത്രം കണ്ടുവന്ന ബി.എസ്.എൻ.എൽ. എന്ന പൊതുമേഖലാ സ്ഥാപനം രാത്രികാല സൗജന്യ ഫോൺകോളുകളിലൂടെയും സൗജന്യ ദേശീയ റോമിംഗിലൂടെയും കൂടുതൽ വരിക്കാരെ ആകർഷിച്ചുകൊണ്ട് ലാഭത്തിലേക്ക് തിരികെ വരുന്ന ഈ അവസരത്തിൽ കോട്ടയത്തു നടക്കാൻ പോകുന്ന സമ്മേളനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. വിവിധ ബി.എസ്.എൻ.എൽ. സേവനങ്ങൾ ജനങ്ങളിലേക്ക് കാര്യക്ഷമമായി എത്തിക്കുവാൻ എല്ലാ തൊഴിലാളി യൂണിയനുകളും ഒന്നായി സർവ്വീസ് വിത്ത് എ സ്മൈൽ (SWAS) പോലെയുള്ള നൂതനമായ മാർക്കറ്റിംഗ് പരിപാടികളുമായി നിലയുറപ്പിച്ചിരിക്കുന്ന ഈ സമയത്ത് കോട്ടയത്തു നടക്കുന്ന ഈ സമ്മേളനം ബി.എസ്.എൻ.എൽ-ന്റെ വികസന കുതിപ്പിനെക്കുറിച്ച് ഉചിതമായ ചർച്ചകളും സംവാദങ്ങളും നടത്തും.

വികസനം എന്ന പേരിൽ വിവിധതരങ്ങളായ വികലമായ ടെലികോം പോളിസികൾകൊണ്ട് വിദേശ കുത്തക കമ്പനികളെ ഇന്ത്യൻ ടെലികോം മാർക്കറ്റിലേക്ക് കയറൂരിവിട്ട് രാജ്യത്തിന്റെ സുരക്ഷിതത്വവും ഇന്റർനെറ്റ് സ്വാതന്ത്ര്യവും ഉപഭോക്താക്കളുടെ സ്വകാര്യതയുമൊക്കെ അടിയറവയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് രാജ്യത്ത് കുറഞ്ഞ ചിലവിൽ ടെലികോം സേവനങ്ങൾ ഉറപ്പാക്കുന്ന പൊതുമേഖലാ സ്ഥാപനമായ BSNL നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മിനിറ്റിൽ 16 രൂപയ്ക്കു മുകളിൽ ഈടാക്കിക്കൊണ്ട് രാജ്യത്തെ ജനങ്ങളെ കൊള്ളയടിച്ചിരുന്ന സ്വകാര്യ ടെലികോം കമ്പനികൾ 2002-ൽ BSNL മൊബൈൽ മേഖലയിൽ കടന്നുവന്നതിനുശേഷം ചാർജ് കുറയ്ക്കാൻ നിർബന്ധിതമായത് രാജ്യം മുഴുവൻ സാക്ഷ്യം വഹിച്ചതാണ്. തന്മൂലം അതുവരെ ധനവാന്റെ ആഭരണമായിരുന്ന മൊബൈൽ ഫോൺ സാധാരണക്കാരന്റെയും കൃഷിക്കാരന്റെയും പോക്കറ്റുകൾക്ക് പ്രാപ്യമായി എന്നുള്ളതും പ്രസക്തമാണ്. ഇന്നും ടെലികോം താരിഫ് നിയന്ത്രിച്ചു നിർത്തുന്നത് BSNL തന്നെയാണ്. 4 G സ്പെക്ട്രം എന്ന പേരിൽ ലോകത്തൊരിടത്തും ഉപയോഗിക്കാത്ത സ്പെക്ട്രം അനുവദിച്ച് രാജ്യത്തെ മൊത്തത്തിലുള്ള ലൈസൻസ് ഫീ BSNL നിന്നും ഏകപക്ഷീയമായി ഈടാക്കിയപ്പോൾ, സ്വകാര്യ കമ്പനികൾക്ക് സ്റ്റാൻഡേർഡ് സ്പെക്ട്രവും ലാഭമുള്ള സർക്കിളുകളും തിരഞ്ഞെടുക്കുവാൻ അനുവദിക്കുകയാണ് ഉണ്ടായത്. രാജ്യത്തു ഏത് കോണിലും ഏത് സന്നിഗ്ധഘട്ടത്തിലും ലാഭനഷ്ടങ്ങൾ നോക്കോതെ ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ചിലവ് കുറഞ്ഞ ടെലികോം സർവ്വീസ് പ്രദാനം ചെയ്യുന്ന BSNLന്റെ 900MHz മൊബൈൽ ഫ്രീക്വൻസികൾ മറ്റ് സ്വകാര്യ കമ്പനികൾക്ക് മറിച്ച് കൊടുക്കാനും ഗവൺമെന്റ് ശ്രമിച്ചുവരുന്നു. സ്വകാര്യ കമ്പനികൾ ലാഭം മാത്രം ലാക്കാക്കി സർവ്വീസ് നടത്തുമ്പോൾ അവർ കൂടി സേവനം കൊടുക്കേണ്ട ഏറ്റവും ബുദ്ധിമുട്ടേറിയ ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ, ജമ്മു കാശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽ ടെലികോം സർവ്വീസ് കൊടുക്കുന്നതു BSNL മാത്രമാണ്. തന്മൂലമുണ്ടാകുന്ന പ്രവർത്തന നഷ്ടം നികത്താൻ ഗവൺമെന്റ് തന്നിരുന്ന ആക്സെസ് ഡെഫിസിറ്റ് ചാർജ് (ADC) നിർത്തലാക്കിയത് BSNL എന്ന സ്ഥാപനത്തെ നഷ്ടത്തിലേക്ക് നയിച്ചു എന്നതാണ് യാഥാർത്ഥ്യം. രാജ്യം ഡിജിറ്റൽ ഇന്ത്യയിലേക്ക് കുതിക്കുമ്പോൾ BSNL ഇല്ലാത്ത ഒരു ഡിജിറ്റൽ ഇന്ത്യയെക്കുറിച്ച് സ്വപ്നം കാണാൻപോലും സാധ്യമല്ല. റോഡ് വികസന പ്രവർത്തികൾ നടക്കുമ്പോൾ KSEB, KWA തുടങ്ങിയ സർവ്വീസ് സ്ഥാപനങ്ങൾക്ക് നാശനഷ്ടങ്ങൾക്ക് പരിഹാരം നൽകുമ്പോൾ BSNL എന്ന സ്ഥാപനത്തിന് ഒരു നഷ്ടപരിഹാരവും അനുവദിക്കാത്തത് ഇന്ന് BSNL ലാൻഡ് ലൈൻ മേഖല നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്.

ലാഭം മാത്രം ഉണ്ടാക്കുന്ന എണ്ണ കമ്പനികൾക്കും FACT, HMT, AIR INDIA തുടങ്ങിയ മറ്റ് പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി കൊടുക്കുന്ന ഗവൺമെന്റ് രാജ്യത്തെ എല്ലാ പ്രദേശത്തെ ജനങ്ങൾക്കും ലാഭേച്ഛ ഇല്ലാതെ സർവ്വീസ് കൊടുക്കുന്ന BSNL ന് ഒരു സാമ്പത്തിക സഹായവും നൽകുന്നില്ല. ബുദ്ധിമുട്ടേറിയ ഭാഗങ്ങളിൽ സേവനം കൊടുക്കാൻ ഗവൺമെന്റ് അനുവദിച്ച USO ഫണ്ട് ഉപയോഗിച്ച് ഒരേ ഒരു ടവർ മാത്രം ലക്ഷദ്വീപിൽ സ്ഥാപിച്ചിട്ട് ബാക്കി തങ്ങളുടെ പോക്കറ്റ് നിറച്ച സ്വകാര്യ മുതലാളിമാർ ഇന്നും ഇവിടെയുള്ളപ്പോൾ ആ സ്ഥലങ്ങളിലെ ജനങ്ങളുടെ ഏക ടെലികോം സേവന ഉപാധി BSNL മാത്രമാണ്. സാറ്റലൈറ്റ് ഫീസ് ഇനത്തിൽ ഈ സേവനത്തിനും ഗവൺമെന്റ് BSNL ൽ നിന്നും കോടിക്കണക്കിന് തുക ഈടാക്കുന്നു.

2 ജി സ്പെക്ട്രം വഴിവിട്ട് നൽകിയ ഒരു മന്ത്രി ചെയ്ത കാര്യങ്ങൾ ന്യായീകരിക്കാൻ പുതിയ ടെലികോം പോളിസിയിൽ ആർക്ക് വേണമെങ്കിലും സ്പെക്ട്രം വാങ്ങാനും അത് മറിച്ച് വിൽക്കാനുമുള്ള സ്വാതന്ത്ര്യം കൊടുത്തുകൊണ്ട് ടെലികോം പോളിസി മാറ്റിയെഴുതിയതും നമ്മൾ കണ്ടു കഴിഞ്ഞു. ഇങ്ങനെ സ്വകാര്യ ടെലികോം മേഖലയെ വഴിവിട്ട് സഹായിക്കാൻ ഗവൺമെന്റ് അത്യുൽസാഹം കാട്ടുമ്പോഴും രാജ്യത്തിന്റെ സ്വന്തം സ്വത്തായ BSNL നെ സഹായിക്കാൻ ഒന്നും ചെയ്യുന്നില്ല എന്നത് വളരെയധികം ഗൗരവത്തോടെ കാണേണ്ട ഒരു കാര്യമാണ്. ടെലിഗ്രാഫ് സേവനങ്ങൾ ഇല്ലാതാക്കിയതുപോലെ ഒരിക്കൽ ലാന്റ് ഫോൺ സേവനങ്ങളുടെയും മരണമണി മുഴക്കാനാണ് ഈ ശ്രമങ്ങൾ എന്നുള്ള കാര്യം അതീവ ഗൗരവത്തോടെ നമ്മൾ കാണുകയും അതൊഴിവാക്കാനുള്ള

സത്വര നടപടികൾ തുടങ്ങുകയും വേണം. BSNL ന്റെ 100% ഓഹരികളും ഗവൺമെന്റിലാണെന്നിരിക്കെ സ്വകാര്യ കമ്പനികളെ മാത്രം സഹായിക്കുന്ന നയങ്ങൾ തികച്ചും ജുഗുപ്സവാഹമാണ്.

BSNL രൂപീകൃതമായ അന്നുമുതൽ കേരളത്തിലെ ജനങ്ങളുടെ പൂർണ്ണ പിന്തുണ ഈ കമ്പനിക്കുണ്ടെന്നുള്ളത് വളരെയധികം ആവേശം തരുന്ന കാര്യമാണ്. സേവനങ്ങൾ നൽകുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും ആവശ്യമായ സാമഗ്രികളും ഉപകരണങ്ങളും ജീവനക്കാരും ഇല്ലാത്തത് BSNL നേരിടുന്ന ഒരു പരിമിതിയാണ്. 2000 ൽ BSNL രൂപീകൃതമായപ്പോൾ മൂന്നരലക്ഷം ജീവനക്കാരുണ്ടായിരുന്നത് ഇന്ന് രണ്ടു ലക്ഷമായി കുറഞ്ഞിരിക്കുന്നു. മൊബൈൽ, ബ്രോഡ്ബാൻഡ്, വൈമാക്സ് തുടങ്ങിയ പുതിയ സേവനങ്ങൾ ആരംഭിക്കുകയും സ്വകാര്യ കമ്പനികളുടെ കടുത്ത മാർക്കെറ്റിംഗ് മൽസരങ്ങൾ നേരിടുമ്പോഴും 1984നു ശേഷം അടിസ്ഥാന മേഖലയിൽ യാതൊരുവിധ നിയമനങ്ങളും നടക്കുന്നില്ല. ഇത്തരം പരിമിതികൾക്കകത്ത് നിന്നുകൊണ്ട് കേരളത്തെ ടെലികോം രംഗത്തെ ഒന്നാം സ്ഥാനത്ത് നിലനിർത്താനും ആത്മാർത്ഥമായ സേവനങ്ങൾ നൽകാനും കേരള BSNL നു സാധിച്ചിട്ടുണ്ട്. അതിന്റെ തെളിവാണ് ഈ കഴിഞ്ഞ 15 വർഷവും കേരളത്തിലെ BSNL ലാഭത്തിൽ മാത്രം പ്രവർത്തിക്കുന്നത്. ജനങ്ങളുടെ നിർലോഭമായ പിന്തുണയും വിശ്വാസവും തന്നെയാണ് ഈ നേട്ടങ്ങൾക്ക് നിദാനമായി വർത്തിച്ചിട്ടുള്ളത്, എന്നിരുന്നാലും കേരള BSNL ൽ നിലനിന്നിരുന്ന മെച്ചപ്പെട്ട ആരോഗ്യപരമായ തൊഴിൽ അന്തരീക്ഷം തകർക്കുവാനും സ്വകാര്യ കമ്പനിക്കു ഏർപ്പെടുത്തിയ പിഴ ഒഴിവാക്കാനും നടത്തിയ വളരെ കുത്സിതമായ ശ്രമങ്ങൾ ചിലഭാഗത്തുനിന്നും കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾകൊണ്ട് ഉണ്ടായതും ഇത്തരുണത്തിൽ സ്മരണീയമാണ്. ഇവിടുത്തെ ദീർഘവീക്ഷണവും അർപ്പണ മനോഭാവവും ഉള്ള തൊഴിലാളി സംഘടനകൾ SNEA യുടെ നേതൃത്വത്തിൽ അതിനെ എതിർത്തു തോല്പിച്ചത് മുഴുവൻ ജീവനക്കാർക്കും അഭിമാനിക്കാവുന്നതാണ്. അഴിമതിക്കെതിരെയുള്ള ഈ ധർമസമരത്തെ തോൽപ്പിക്കാൻ സസ്പെൻഷൻ പോലെയുള്ള കടുത്ത നടപടികൾ ധൈര്യപൂർവ്വം നേരിട്ടു വിജയം വരിച്ച എല്ലാ ജീവനക്കാരെയും ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. ഇത്രയൊക്കെ വെല്ലുവിളികൾ നേരിടുമ്പോഴും രാത്രികാല സൗജന്യ ഫോൺവിളികളുടെയും സൗജന്യ ദേശീയ റോമിങ്ങിലൂടെയും കുറഞ്ഞ നിരക്കിലുള്ള ഡാറ്റ സർവ്വീസിലൂടെയും മെച്ചപ്പെട്ട ബ്രോഡ്ബാന്റ്, എഫ് ടി ടി എച്ച് സർവ്വീസിലൂടെയും BSNL ഒരു തിരിച്ചു വരവിന്റെ പാതയിലാണ്. അതിനു ഉപോൽബലമായ കണക്കുകളാണ് ഇപ്പോൾ കണ്ടുവരുന്നത്. കുറച്ചു മാസങ്ങളായി ഏറ്റവും കൂടുതൽ പുതിയ മൊബൈൽ, ലാന്റ് ഫോൺ, ബ്രോഡ്ബാന്റ് കണക്ഷനുകൾ കൊടുക്കുന്ന കമ്പനി BSNL ആണ്. നമ്പർ പോർട്ടബിലിറ്റിയിലൂടെ ഏറ്റവും കൂടുതൽ ഉപഭോക്താക്കൾ തിരഞ്ഞെടുത്തതും BSNL ആണെന്നത് ആവേശവും അഭിമാനവും തരുന്ന കാര്യങ്ങളാണ്. ജമ്മുകാശ്മീർ വെള്ളപ്പൊക്കത്തിലും, ഉത്തരാഖണ്ഡിലെ മലയിടിച്ചിലിലും വിശാഖപട്ടണത്തെ ചുഴറ്റിയെഴിഞ്ഞ ഹുദ് ഹുദ് കൊടുങ്കാറ്റിലും ചെന്നെ പട്ടണത്തെ മൂടിക്കളഞ്ഞ വിനാശകാരിയായ വെള്ളപ്പൊക്കത്തിലും BSNL ജനങ്ങളുടെ കൂടെ ജനങ്ങൾക്കുവേണ്ടി എങ്ങിനെ നിൽക്കണം എന്നു കാട്ടിത്തന്നുകഴിഞ്ഞു. മറ്റുള്ള എല്ലാ സ്വകാര്യ കമ്പനികളും ഓടിയൊളിച്ചപ്പോൾ 80% മുകളിൽ ടവറുകൾ പ്രവർത്തിപ്പിച്ച് വർദ്ധിച്ച ചിലവുകൾ കണക്കിലെടുക്കാതെ നഷ്ടത്തിന്റെ കണക്കുകൾ നോക്കാതെ സൗജന്യ ടെലികോം സേവനങ്ങൾ കൊടുത്തുകൊണ്ടു ഈ നാടുകളിലെ ജനങ്ങളുടെ ദുരിതത്തിൽ BSNL ഒരു കൈത്താങ്ങാകുന്നത് ഈ രാജ്യം സാക്ഷ്യം വഹിച്ചു. കണക്ഷൻ നൽകുന്നതിലെ രേഖകളുടെ പരിശോധന മുതൽ വിവിധ ടെലികോം സേവനങ്ങൾ നൽന്നതിൽ ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും പാലിച്ചുകൊണ്ട് രാജ്യത്തിന്റെ സുരക്ഷയും ജനങ്ങളുടെ ആരോഗ്യവും കാത്തുസൂക്ഷിക്കുന്നതിൽ BSNL ബദ്ധശ്രദ്ധമാണ്. തുടർന്നും കൂടുതൽ സേവനങ്ങൾ രാജ്യത്തെ സാധാരണക്കാരുടെ കൈകളിലേക്ക് എത്തിക്കാൻ, പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ കൈയ്യിട്ടുവാരുന്ന സ്വകാര്യ മുതലാളിമാരുടെ ലാഭക്കൊതി വെളിച്ചത്തുകൊണ്ടുവന്ന് അർഹതപ്പെട്ട, അവകാശപ്പെട്ട ടെലികോം സർവ്വീസുകൾ ഓരോ പൗരനും എത്തിക്കാൻ മനുഷ്യന്റെ സ്വകാര്യതയിലേക്ക് പോലും കടന്നുകയറാൻ അവസരം കൊടുക്കുന്ന ഗവൺമെന്റ് നയങ്ങൾ തിരുത്തുവാൻ രാജ്യത്തിന്റെ ടെലികോം മേഖലയിലെ മാറ്റങ്ങൾ ജനങ്ങൾക്ക് ന്യായമായ രീതിയിൽ എത്തിച്ചുകൊടുക്കുവാൻ സുതാര്യമായ ടെലികോം സേവനവ്യവസ്ഥകൾ നിലനിർത്തുവാൻ, രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ അട്ടിമറിക്കാൻ ശ്രമിക്കുന്ന സ്വകാര്യ ടെലികോം മുതലാളിമാരെ നിലയ്ക്ക് നിർത്തുവാൻ, എല്ലാവരുടെയും അനുഗ്രഹവും ആശീർവാദവും അകമഴിഞ്ഞ പിന്തുണയും ഉണ്ടാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ബഹുമാനപ്പെട്ട എം.പി. ശ്രീമതി ടി.എൻ. സീമയും BSNL ഡയറക്ടർ ശ്രീ. എൻകെ. ഗുപ്ത അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരും ദേശീയ സംസ്ഥാന തലത്തിലുള്ള വിവിധ ട്രേഡ് യൂണിയൻ നേതാക്കളും സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതാണ്. ബഹുമാനപ്പെട്ട കോട്ടയം മുൻസിപ്പൽ ചെയർപേഴ്സൺ ഡോ. സോന പി.ആർ. ഈ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. ഇന്ന് ഏറെ പ്രസക്തിയുള്ള കാൻസർ ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രശസ്ത കാൻസർ രോഗവിദഗ്ധൻ ഡോ. വി.പി. ഗംഗാധരൻ 'കാൻസർ അവയർനെസ്സ്' എന്ന വിഷയം അവതരിപ്പിച്ചു ഈ സമ്മേളനത്തിൽ സംസാരിക്കുന്നതാണ്. BSNL ന്റെ സർവ്വീസുകൾ ഏതൊക്കെ രീതിയിൽ മെച്ചപ്പെടുത്താമെന്നുള്ള തുറന്ന ചർച്ചകൾക്ക് ഈ സമ്മേളനം വേദിയാകും എന്ന് ഉറപ്പുതന്നുകൊണ്ട് ഈ നാടിന്റെ രക്ഷയ്ക്കായി, സേവന തൽപ്പരരായി ജനങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി എന്നും ഞങ്ങളുണ്ടാകും എന്നു വിനീതമായി അറിയിച്ചുകൊണ്ട് നിങ്ങളുടെ ഓരോരുത്തരുടെയും പിന്തുണ ഈ സമ്മേളനത്തിലും വിശിഷ്യാ BSNL നും ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

| പ്രസിഡന്റ് | സെക്രട്ടറി | ജനറൽ കൺവീനർ |
|---|---|---|
| **കെ. സുധീർ** | **ജോർജ്ജ് വർഗീസ്** | **തോമസ് സെബാസ്റ്റ്യൻ** |

കോട്ടയം
01-02-2016